151/est/18

"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 3/5068/2017/സിഇ/തസ്വഭവ                    തീയതി: 03.05.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - 2018-19 പദ്ധതി അവലോകനം – സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നതിനായി ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in - ന്റെ Project Review Page - ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Google sheet proforma P-1027 - ൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ടി പ്രൊഫോർമയിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാപഞ്ചായത്തുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള വിവരങ്ങൾ, അതാത് കാര്യാലയങ്ങളിൽ നിന്നും രേഖപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും, ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരുടെ കാര്യാലയത്തിൽ നിന്നുമാണ് രേഖപ്പെടുത്തേണ്ടത്. എല്ലാ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ Google sheet proforma P-1027 - ൽ 07.05.2018 - ാം തീയതി, 2.00 PM - ന് മുൻപായി നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം, തുടർന്നും എല്ലാ ദിവസവും ടി പ്രൊഫോർമ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള കൃത്യമായ വിവരങ്ങൾ സമയബന്ധിതമായി Google sheet proforma P-1027 - ൽ രേഖപ്പെടുത്തുന്നുണ്ടെന്ന് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്. മുനിസിപ്പാലിറ്റികളിൽ നിന്നുള്ള വിവരങ്ങൾ കൃത്യമായും സമയബന്ധിതമായും Google sheet proforma P-1027 - ൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു. അതാത് കാര്യാലയങ്ങളിൽ നിന്നും രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യതയുടെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേലധികാരിയ്ക്കാണ്.

(ഒപ്പ്)

**ചീഫ് എഞ്ചിനീയർ**

എസ്.എ/